DESPATCHED
On 05/03/ 2020

14.1.2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1423*(7)/2014*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. *8113/എസ്.ഐ.സി–ജി 6/14*

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. എ.കെ കരീം, S/o ബഷീർ<br>ആല്യാമാക്കാനകത്ത് വീട്,<br>പൊന്നാനി സൗത്ത് പി.ഒ,<br>പൊന്നാനി–679 586<br>മലപ്പുറം | പരാതി ഹർജിക്കാരൻ |

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
മുസ്ലീം എഡ്യൂക്കേഷണൽ സൊസൈറ്റി(രജി)
കാലിക്കറ്റ്,
ഐ.എം.എ ഹാൾ റോഡ്,
നടക്കാവ് പി.ഒ,
കോഴിക്കോട്–11

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ നൽകിയ മറുപടിയിൽ വ്യക്തവും പൂർണ്ണവുമായ വിവരങ്ങൾ ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.



res

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 07.11.2019 ന് കളക്ടറേറ്റ് കോഴിക്കോട് വച്ചു നടത്തിയ വീഡിയോ കോൺഫറൻസിൽ ഹാജരായ എസ്.പി.ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എല്ലാം ടിയാന് എം. ഇ. എസ് കോളേജിൽ നിന്നും നൽകിയെന്നും, 30.09.2013 ൽ ഹർജിക്കാരൻ നൽകിയ കത്തിൽ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും കിട്ടി എന്നും ആയതിനാൽ അപ്പീലിൻമേൽ തുടർ നടപടി സ്വീകരിക്കണ്ടെന്നും അറിയിച്ചുവെന്നുമാണ് ബോധിപ്പിച്ചത്.

3. അപ്പീൽ ഹർജിയും, എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന് വേണ്ടുന്ന രേഖകളെല്ലാം നൽകിയെന്നു കണ്ടതിനാലും, ഹർജിക്കാരൻ രേഖകൾ ലഭിച്ചതിനാൽ അപ്പീൽ പരിഗണിക്കേണ്ട എന്ന് കത്ത് നൽകിയതായി കാണുന്നതിനാലും ടി അപ്പീൽ ഹർജിയിൽ മറ്റ് നട പടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേദിവസം 2020 ജനുവരി 14-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)



res